"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം-2001- റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നിർവഹിക്കുന്നതിനായി കണ്ണൂർ ജില്ലയിൽ നിന്നുള്ള 2 നദീ തീര സംരക്ഷണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

റവന്യൂ(പി) വകുപ്പ്

സ.ഉ.(സാധാ) നം.845/2024/RD  തീയതി,തിരുവനന്തപുരം, 04-03-2024

പരാമർശം:-
1. 21.02.2024-ലെ സംസ്ഥാന ഉന്നത തല യോഗത്തിലെ നടപടിക്കുറിപ്പ്
2. 26.02.2024-ലെ സംസ്ഥാന ഉന്നത തല യോഗത്തിലെ നടപടിക്കുറിപ്പ്
3. 26-02-2024-ലെ കണ്ണൂർ ജില്ലാ കളക്ടറുടെ DCKNR/8851/2023-DM4 നമ്പർ കത്ത്.

ഉത്തരവ്

റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിനായി സമർപ്പിക്കപ്പെട്ട കണ്ണൂർ ജില്ലയിൽ നിന്നുള്ള 2 നദീ തീര സംരക്ഷണ പ്രവൃത്തികളിന്മേലുമുള്ള സ്ഥല പരിശോധന, സംസ്ഥാന സമിതി അംഗത്തിന്റെ നേതൃത്ത്വത്തിൽ പൂർത്തിയാക്കപ്പെട്ടതും പ്രസ്തുത വിഷയം 21.02.2024-ലെ സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ, ഉന്നയിക്കുകയും 26.02.2024-ലെ സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകാരം നൽകുകയും ചെയ്തതാകുന്നു. ടി പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | തുക (In lakh) |
|---|---|---|
| 1 | കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിൽ കൊറളായി ദ്വീപിന്റെ തീരശോഷണം സംഭവിച്ച കിഴക്ക് മൂലയുടെ പ്രവൃത്തി. | 68 |
| 2 | കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ പാമ്പുരുത്തി ദ്വീപിന്റെ പാമ്പുരുത്തി പാലത്തിന്റെ താഴ്ഭാഗം-വളപട്ടണം പുഴയുടെ തീരശോഷണം സംഭവിച്ച പ്രവൃത്തി. | 28 |

മേൽ സാഹചര്യത്തിൽ, ടി പരാമർശിക്കപ്പെട്ട കണ്ണൂർ ജില്ലയിൽ നിന്നുള്ള 2 നദീ തീര സംരക്ഷണ പ്രവൃത്തികൾ RMF ഫണ്ടിൽ ഉൾപ്പെടുത്തി നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHAHANSHA.A

അണ്ടർ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, ILDM, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
വെബ് &ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sujith G R
സെക്ഷൻ ഓഫീസർ
Date: 04-03-2024 17:06:58

പകർപ്പ് :

ബഹു.റവന്യുവും ഭ വന നിർമാണവും വകുപ്പ് മന്ത്രിയുടെ പി.എസിനു
ബഹു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്
ബഹു. അഡിഷണൽ സെക്രട്ടറിയുടെ പി എ ക്കു